LIBRARY ARCHIVES Kerala Legislative Assembly

കേരള പഞ്ചായത്ത് രാജ് നിയമം 175- ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമായിരിക്കണം പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതെന്നും അതിനും ചട്ടം നിർമ്മിച്ചില്ലെന്നുമാണ് മറ്റൊരു പ്രശ്നം ഉന്നയിച്ചിട്ടുള്ളത്. 175(1) വകുപ്പ് പ്രകാരം ഓരോ തലത്തിലുള്ള പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമാണ് തൊട്ടടുത്ത വർഷത്തിലേക്കുള്ള പദ്ധതി തയ്യാറാക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, പദ്ധതി രൂപീകരണ ഫോറങ്ങൾ എന്നിവ അനുസരിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്.

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളം വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗം സ്വീകരിക്കുവാൻ അനുകരിക്കാവുന്ന ഒരു മാതൃക നിലവിലുണ്ടായിരുന്നില്ല. വിശദമായ ചട്ടങ്ങൾ രൂപീകരിച്ച് അതിനുള്ളിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നടപ്പിലാക്കുകയെന്നുള്ളത് അപ്രായോഗികമായതിനാലാണ് വിശദമായ ചട്ടങ്ങൾ ഇല്ലാതെ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയത്. ജനപങ്കാളിത്തത്തോടെ കേരളത്തിൽ നടപ്പാക്കിയ വികസന മാതൃക ഇന്ത്യക്കും ലോകത്തിനും പിൻതുടരാവുന്ന മാതൃകയാണെന്ന് അംഗീകരിച്ചുകഴിഞ്ഞ വസ്തുതയാണ്. എന്നിരുന്നാലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയ്ക്ക് വിശദമായ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലെന്ന പോരായ്മ നിലനിൽക്കുന്നു. അത് പരിഹരിക്കുന്നതിനും പദ്ധതി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇളംഗ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പഞ്ചായത്ത് രാജ് ആക്ടിലെ 163- ാം വകുപ്പ പ്രകാരവും 175 വകുപ്പ പ്രകാരവും ഉണ്ടാക്കേണ്ട ചട്ടങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നും അത് അടിയന്തരമായി രൂപീകരിക്കണമെന്നുമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നം. സ്റ്റാറ്റ്യൂട്ട് പ്രകാരം എക്സിക്യൂട്ടീവിന് നല്കിയിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ട കരട് ചട്ടങ്ങൾ എത്രയുവേഗം തയ്യാറാക്കണമെന്നും പ്രസ്തുത ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊടുക്കണമെന്നും മൂന്ന് മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ പരിഗണിക്കണമെന്നും നിയമസഭാ നടപടിചട്ടം 238(2)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിലെ 163, 175(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള ചട്ടങ്ങൾ ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും അതിന്മേൽ ഉടനടി നടപടി സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി നല്കിയ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം തള്ളുന്നു. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ പ്രത്യേകം ചെയർ അഭിനന്ദിക്കുന്നു.